# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4562 18.05.2017- ൽ മറുപടിക്ക്

### യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവത് ക്കരണത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവത് ക്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) സംസ്ഥാനത്ത് യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവത് ക്കരണത്തിനായി പ്രാഥമിക യന്ത്രത്തറി സംഘങ്ങൾക്ക്, സർക്കാർ ഓഹരി പങ്കാളിത്തമായി ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്. ടി ഫണ്ട് സംഘങ്ങളിലെ നിലവിലുള്ള യന്ത്രത്തറികൾ നവീകരിക്കുന്നതിനും പുതിയ യന്ത്രത്തറികൾ സംഘത്തിലേക്ക് വാങ്ങി സംഘത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ ആവശ്യകത അനുസരിച്ച് ഉപയോഗിക്കുന്നതിനും വേണ്ടിയാണ് നൽകുന്നത്. കൂടാതെ പ്രാഥമിക യന്ത്രത്തറി സംഘങ്ങളുടെയും സംയോജിത യന്ത്രത്തറി സംഘങ്ങളുടേയും നവീകരണത്തിനായി പ്രോജക്റ്റ് അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വർഷംതോറും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) യന്ത്രത്തറി സഹകരണ സംഘങ്ങളുടെ വൈവിധ്യവത് ക്കരണത്തിനും സാങ്കതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുമായി വായ്പകൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) നിലവിലില്ല. |
| (സി) യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്കും നെയ്ത്തുകാർക്കുമായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (ജി.ഐ.എസ്) ആവിഷ്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ പ്രസ്തുത പദ്ധതികൾക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ? | (ഡി) ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പ്രീമിയം തുക ഒരാൾക്ക് 470/- രൂപയാണ്. ഇതിൽ 290/- രൂപ കേന്ദ്രസർക്കാർ വിഹിതവും 100/- രൂപ എൽ.ഐ.സി വിഹിതവും ബെനിഫിഷറി കോൺട്രിബ്യൂഷൻ ആയ 80/- രൂപ സംസ്ഥാനസർക്കാർ വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**